# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 817 10.06.2019-ൽ മറുപടിക്ക്

### ആദിവാസി യുവതീയുവാക്കൾക്ക് കേരള പോലീസിൽ നിയമനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ഐ.സി.ബാലകൃഷ്ണൻ | പിണറായി വിജയൻ (മുഖ്യമന്ത്രി) |
| (എ) ആദിവാസി വിഭാഗത്തിൽ നിന്നും കേരള പോലീസിലേക്ക് പ്രത്യേക നിയമനത്തിന് ഈ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ, എങ്കിൽ ഇത് സംബന്ധിച്ച ഉത്തരവ് ലഭ്യമാക്കമോ;<br>(ബി)ഈ ഉത്തരവ് പ്രകാരം എത്ര പേർക്ക് ഇതിനകം നിയമനം നൽകി; വ്യക്തമാക്കമോ;<br>(സി)മാവോയിസ്റ്റ് ആക്രമണം ഫലപ്രദമായി നേരിടുന്നതിന് പോലീസ് വകുപ്പിൽ 75 സിവിൽ പോലീസ് ഉദ്യോഗസ്ഥരുടെ റഗുലർ തസ്തിക സൃഷ്ടിച്ച് ആയതിലൂടെ വയനാട്, പാലക്കാട്, മലപ്പുറം എന്നീ ജില്ലകളിലെ ആദിവാസി യുവതീ-യുവാക്കൾക്ക് പി.എസ്.സി.യുടെ സ്പെഷ്യൽ ഡ്രൈവ് മുഖേന നിയമനം നൽകുവാൻ മുൻ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് ഉത്തരവ് പുറപ്പെടുവിച്ചിരുന്നോ; | (എ) യും (ബി) യും (സി) യും (ഡി) യും 16.01.2016 തീയതിയിലെ സ.ഉ.(അ) നം. 13/16/ആഭ്യന്തരം നമ്പർ ഉത്തരവ് പ്രകാരം പോലീസ് വകുപ്പിൽ മലപ്പുറം, വയനാട്, പാലക്കാട് ജില്ലകളിലെ ആദിവാസി യുവതി-യുവാക്കളിൽ നിന്നും സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി നിയമനം നൽകുന്നതിനായി 75 തസ്തികകൾ സൃഷ്ടിച്ച് ഉത്തരവായിരുന്നു. തുടർന്ന് 27.06.2016 തീയതിയിലെ സ.ഉ.(കൈ) നം. 183/2016/ ആഭ്യന്തരം നമ്പർ ഉത്തരവ് പ്രകാരം സ്പെഷ്യൽ ഡ്രൈവിനു വേണ്ടി സൃഷ്ടിച്ച തസ്തികകൾ വയനാട് ജില്ല (മുഴുവൻ), പാലക്കാട് (അട്ടപ്പാടി), മലപ്പുറം (നിലമ്പൂർ) എന്നീ പ്രദേശങ്ങൾക്കായി വിഭജിച്ച് നൽകിയും ഇതിൽ ആദിവാസി വിഭാഗത്തിലെ താഴെ തട്ടിലുള്ള പണിയാൻ, അടിയാൻ, കാട്ടുനായ്ക്കർ |

(ഡി)പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിലാണോ ഇപ്പോഴത്തെ നിയമനങ്ങൾ നടത്തിയതെന്നും വ്യക്തമാക്കുമോ ?

വിഭാഗങ്ങൾക്ക് മുൻഗണന നൽകുകയും ചെയ്തു. തുടർന്ന് സംസ്ഥാന പോലീസ് മേധാവി ഒഴിവുകൾ പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്തു. റിക്രൂട്ട്മെന്റ് നടപടികൾ തുടങ്ങിയപ്പോൾ മലപ്പുറം ജില്ലയിൽ പണിയാൻ, അടിയാൻ, കാട്ടുനായ്ക്കർ വിഭാഗങ്ങൾ കൂടുതലായി നിവസിക്കുന്നത് കളികാവ്, അരീക്കോട് ബ്ലോക്കുകളിൽ ആണെന്ന് ബോധ്യപ്പെട്ടതിനാൽ മലപ്പുറം ജില്ലയിലെ നിലമ്പൂർ ബ്ലോക്കിനോടൊപ്പം കളികാവ്, അരീക്കോട് ബ്ലോക്കുകളെ കൂടി ഉൾപ്പെടുത്തി 12.07.2017 തീയതിയിലെ സ.ഉ.(കൈ) നം. 150/2017/ആഭ്യന്തരം നമ്പർ പ്രകാരം ഭേദഗതി ഉത്തരവ് പുറപ്പെടുവിച്ചു. അട്ടപ്പാടി ബ്ലോക്കിൽ പണിയാൻ, അടിയാൻ, കാട്ടുനായ്ക്കർ വിഭാഗങ്ങൾ കുറവായതിനാൽ ആ ബ്ലോക്കിലെ "most primitive" വിഭാഗത്തെ കൂടി ഉൾപ്പെടുത്തി 23.03.2018 തീയതിയിലെ സ.ഉ.(കൈ) നം. 43/2018/ആഭ്യന്തരം നമ്പർ പ്രകാരം ഭേദഗതി ഉത്തരവ് പുറപ്പെടുവിച്ചു. തുടർന്ന് പി.എസ്.സി. റിക്രൂട്ട്മെന്റ് നടപടികൾ പൂർത്തീകരിച്ച് 26.03.2018 തീയതിയിൽ നിയമന ശുപാർശ ഉദ്യോഗാർത്ഥികൾക്ക് നൽകിയിട്ടുണ്ട്. പ്രസ്തുത റിക്രൂട്ട്മെന്റിലേക്ക് തെരഞ്ഞെടുക്കപ്പെട്ട ആദിവാസി വിഭാഗങ്ങളുടെ സാമ്പത്തിക-സാമൂഹ്യ പിന്നോക്കാവസ്ഥ കണക്കിലെടുത്ത് അവർ ഒടുക്കേണ്ട ബോണ്ട് തുകയും ജാമ്യ വ്യവസ്ഥയും

ഒഴിവാക്കി കൊണ്ട് 17.05.2018 തീയതിയിലെ സ.ഉ.(കൈ) നം. 88/2018/ആഭ്യന്തരം നമ്പർ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചു.

ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ അനുബന്ധമായി ചേർക്കുന്നു.

**സെക്ഷൻ ഓഫീസർ**

# കേരള സർക്കാർ

## സംഗ്രഹം

ആഭ്യന്തര വകപ്പ് - കേരളത്തിൽ ഇടതുപക്ഷ തീവ്രവാദ പ്രവർത്തകരുടെ സ്വാധീനം തടയുന്നതിനായി വയനാട്, മലപ്പുറം, പാലക്കാട് ജില്ലകളിലെ വനത്തിനകത്തും വനാതിർത്തിയിലുള്ള ആദിവാസി യുവതീയുവാക്കളെ പോലീസ് വകപ്പിൽ സിവിൽ പോലീസ് ഓഫീസർ തസ്തികയിലേയ്ക്ക് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖാന്തിരം സ്പെഷ്യൽ റിക്രൂട്ട്മെന്റ് ഡ്രൈവ് നടത്തുന്നത് സംബന്ധിച്ച് - നടപടിക്രമങ്ങൾ അംഗീകരിച്ച് ഉത്തരവാകുന്നു.

---

ആഭ്യന്തര (രഹസ്യ വിഭാഗം - എ) വകപ്പ്

സ.ഉ.(അ)നം.13/16/ആഭ്യന്തരം തീയതി, തിരുവനന്തപുരം: 16.01.2016

---

പരാമർശം:- 1) സ.ഉ.(എം.എസ്) നമ്പർ 56/15/ആഭ്യന്തരം തീയതി 21.03.2015.

2) കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ 19.11.2015, 27.11.2015 എന്നീ തീയതികളിലെ SR I (3)2877/15/SW നമ്പർ കത്തുകൾ.

## ഉത്തരവ്

ഇടതുപക്ഷ തീവ്രവാദം ഫലപ്രദമായി പ്രതിരോധിക്കുന്നതിലേയ്ക്കായി പോലീസ് വകപ്പിൽ 75 സിവിൽ പോലീസ് ഓഫീസർമാരുടെ റഗുലർ തസ്തിക സൃഷ്ടിച്ച് ആയതിലേയ്ക്ക് വയനാട്, മലപ്പുറം, പാലക്കാട് ജില്ലകളിലെ വനത്തിനുള്ളിലും വനാതിർത്തിയിലും നിവസിക്കുന്ന ആദിവാസി യുവതീയുവാക്കളെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖാന്തിരം സ്പെഷ്യൽ ഡ്രൈവ് മുഖേന നിയമനം നൽകുന്നതിന് ഉത്തരവാകുന്നു.

2) ഇപ്രകാരമുള്ള സ്പെഷ്യൽ റിക്രൂട്ട്മെന്റിന് ആവശ്യമായ എണ്ണം ഉദ്യോഗാർത്ഥികളെ ലഭിക്കാത്ത സാഹചര്യം സംജാതമാകുകയാണെങ്കിൽ മാത്രം മേൽ പരാമർശിച്ച തസ്തികകൾക്ക് സ്പെഷ്യൽ റൂളിൽ നിഷ്കർഷിച്ചിട്ടുള്ള വിദ്യാഭ്യാസ, ശാരീരിക യോഗ്യതകളിലും ശാരീരിക ക്ഷമതാ മാനദണ്ഡങ്ങളിലും ഇളവ് അനുവദിക്കുന്നതാണ്.

3) സ്പെഷ്യൽ ഡ്രൈവ്-ന്റെ പരിധിയിൽ വരുന്ന ഭൂപ്രദേശങ്ങളെ സംബന്ധിച്ച് വിശദമായ ഉത്തരവ് പിന്നീട് പുറപ്പെടുവിക്കുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

നളിനി നെറ്റോ
അഡീഷണൽ ചീഫ് സെക്രട്ടറി

സംസ്ഥാന പോലീസ് മേധാവി, കേരളം തിരുവനന്തപുരം.
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ [(ആഡിറ്റ്)/(എ &ഇ) ]കേരളം, തിരുവനന്തപുരം.
ധനകാര്യ വകപ്പ് (08.01.2016-ലെ 94956/Exp A3/15/Fin നമ്പർ കുറിപ്പ് പ്രകാരം)

പട്ടികവർഗ്ഗ വികസന വകുപ്പ്.
നികുതി വകുപ്പ്.
വനം-വന്യജീവി വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം/അയയ്ക്കുന്നത്

സെക്ഷൻ ഓഫീസർ

പകർപ്പ് :- മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
പൊതു ഭരണ (എസ്.സി) വകുപ്പ് -- (17.12.2015-ലെ മന്ത്രിസഭായോഗ തീരുമാനം
ഇനം നം : 7914 അനുസരിച്ച്)

545

# കേരള സർക്കാർ

<u>സംഗ്രഹം</u>

ആഭ്യന്തര വകുപ്പ് - കേരളത്തിൽ ഇടതുപക്ഷ തീവ്രവാദ പ്രവർത്തകരുടെ സ്വാധീനം തടയുന്നതിനായി വയനാട്, മലപ്പുറം, പാലക്കാട് ജില്ലകളിലെ വനത്തിനകത്തും വനാതിർത്തിയിലുമുള്ള ആദിവാസി യുവതീയുവാക്കളെ പോലീസ് വകുപ്പിൽ സിവിൽ പോലീസ് ഓഫീസർ തസ്തികയിലേയ്ക്ക് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖാന്തിരം സ്പെഷ്യൽ റിക്രൂട്ട്മെന്റ് ഡ്രൈവ് നടത്തുന്നത് സംബന്ധിച്ച് - തുടർ ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ആഭ്യന്തര (രഹസ്യ വിഭാഗം - എ) വകുപ്പ്

സ.ഉ.(കൈ)നം.183/16/ആഭ്യന്തരം    തീയതി, തിരുവനന്തപുരം:27.06.2016

---

പരാമർശം:- 1) സ.ഉ.(എം.എസ്) നമ്പർ 56/15/ആഭ്യന്തരം തീയതി 21.03.2015.

2) സ.ഉ(അ) നമ്പർ 13/16/ആഭ്യന്തരം തീയതി 16.01.2016.

3) സംസ്ഥാന പോലീസ് മേധാവിയുടെ 19.04.2016-ലെ റ്റി3 (ബി)-46546/ 2015 നമ്പർ കത്ത്.

## <u>ഉത്തരവ്</u>

കേരളത്തിൽ ഇടതുപക്ഷ തീവ്രവാദം ഫലപ്രദമായി പ്രതിരോധിക്കുന്നതിന്റെ ഭാഗമായി വയനാട്, മലപ്പുറം, പാലക്കാട് ജില്ലകളിലെ വനത്തിനകത്തും വനാതിർത്തിയിലുമുള്ള ആദിവാസി യുവതീയുവാക്കളിൽ നിന്നും കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖാന്തിരം നിയമനം നടത്തുന്നതിനായി പരാമർശം (1) പ്രകാരം പോലീസ് വകുപ്പിൽ സൃഷ്ടിച്ച 75 റെഗുലർ സിവിൽ പോലീസ് ഓഫിസർ തസ്തികകളിലേയ്ക്കുള്ള സ്പെഷ്യൽ ഡ്രൈവിനായി താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

(1) വയനാട് ജില്ല (മുഴുവൻ), പാലക്കാട് ജില്ലയിലെ അട്ടപ്പാടി ബ്ലോക്ക്, മലപ്പുറം ജില്ലയിലെ നിലമ്പൂർ ബ്ലോക്ക് എന്നിവയായിരിക്കും സ്പെഷ്യൽ ഡ്രൈവിന്റെ പരിധിയിൽ വരുന്ന ഭൂപ്രദേശങ്ങൾ.

(2) സ്പെഷ്യൽ ഡ്രൈവിനുവേണ്ടി സൃഷ്ടിച്ച 75 തസ്തികകൾ ഭൂപ്രദേശത്തിന്റെയും സ്ത്രീ-പുരുഷ അനുപാതത്തിന്റെയും അടിസ്ഥാനത്തിൽ താഴെപ്പറയുന്ന രീതിയിൽ സ്പെഷ്യൽ ഡ്രൈവിനായി കേരള പബ്ലിക് സർവ്വീസ് കമ്മീഷന് സംസ്ഥാന പോലീസ് മേധാവി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

| നം. | ജില്ല -ഭൂപ്രദേശം | അനുപാതം | തസ്തികകൾ (എണ്ണം) | പുരുഷൻ (CPO) | സ്ത്രീ (WCPO) |
|---|---|---|---|---|---|
| (i) | വയനാട് - ജില്ല മുഴുവൻ | 70% | 52 | 40 | 12 |
| (ii) | പാലക്കാട് - അട്ടപ്പാടി ബ്ലോക്ക് | 20% | 15 | 10 | 05 |
| (iii) | മലപ്പുറം - നിലമ്പൂർ ബ്ലോക്ക് | 10% | 08 | 04 | 04 |
| | ആകെ | 100% | 75 | 54 | 21 |

ആദിവാസി വിഭാഗങ്ങളിൽ കൂടുതൽ പിന്നാക്കം നിൽക്കുന്ന പണിയ, അടിയാൻ, കാട്ടുനായ്ക്കർ തുടങ്ങിയ വിഭാഗങ്ങൾക്ക് സ്പെഷ്യൽ ഡ്രൈവിൽ മുൻഗണന നൽകേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

**നളിനി നെറ്റോ**
**അഡീഷണൽ ചീഫ് സെക്രട്ടറി**

സംസ്ഥാന പോലീസ് മേധാവി, കേരളം തിരുവനന്തപുരം.
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം..
അക്കൗണ്ടന്റ് ജനറൽ [(ആഡിറ്റ്)/(എ &ഇ) ]കേരളം, തിരുവനന്തപുരം.
പട്ടികവർഗ്ഗ വികസന വകുപ്പ്.
നികുതി വകുപ്പ്.
വനം-വന്യജീവി വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം/അയയ്ക്കുന്നത്**

**സെക്ഷൻ ഓഫീസർ**

643

# കേരള സർക്കാർ

സംഗ്രഹം

ആഭ്യന്തര വകുപ്പ് - കേരളത്തിലെ ഇടതുപക്ഷ തീവ്രവാദ പ്രവർത്തനം ഫലപ്രദമായി തടയുന്നതിനായി സ്പെഷ്യൽ ഡ്രൈവ് റിക്രൂട്ട്മെന്റ് പ്രകാരം പോലീസ് വകുപ്പിൽ സൃഷ്ടിച്ച സിവിൽ പോലീസ് ഓഫീസർമാരുടെ തസ്തികകളിൽ മലപ്പുറം ജില്ലയിലെ നിലമ്പൂർ ബ്ലോക്കിനോടൊപ്പം കളികാവ്, അരീക്കോട് ബ്ലോക്കുകളെക്കൂടി ഉൾപ്പെടുത്തി - ഭേദഗതി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ആഭ്യന്തര (രഹസ്യ വിഭാഗം - എ) വകുപ്പ്

സ.ഉ.(കൈ)നം.150/17/ആഭ്യന്തരം തീയതി, തിരുവനന്തപുരം:12.07.2017.

പരാമർശം :- 1) സ.ഉ. (അ) നം.13/16/ആഭ്യന്തരം തീയതി 16.01.2016.
2) സ.ഉ. (കൈ) നം.183/16/ആഭ്യന്തരം തീയതി 27.06.2016.
3) 26.05.2017 തീയതിയിലെ സംസ്ഥാന പോലീസ് മേധാവിയുടെ റ്റി3/46546/2015/പി.എച്ച്.ക്യൂ നമ്പർ കത്ത്.
4) 22.06.2017 തീയതിയിലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറിയുടെ SRI(1) 2877/15/SW നമ്പർ കത്ത്.

## ഉത്തരവ്

കേരളത്തിൽ ഇടതുപക്ഷ തീവ്രവാദം ഫലപ്രദമായി പ്രതിരോധിക്കുന്നതിന്റെ ഭാഗമായി വയനാട്, മലപ്പുറം, പാലക്കാട് ജില്ലകളിലെ ആദിവാസി യുവതീ-യുവാക്കളിൽ നിന്നും കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷൻ മുഖാന്തിരം സ്പെഷ്യൽ ഡ്രൈവ് നടത്തുന്നതിനായി പരാമർശം (1) പ്രകാരം 75 സിവിൽ പോലീസ് ഓഫീസർമാരുടെ തസ്തിക സൃഷ്ടിച്ചു, തുടർന്ന് പരാമർശം (2) പ്രകാരം വയനാട് ജില്ല (മുഴുവൻ), പാലക്കാട് ജില്ലയിലെ അട്ടപ്പാടി ബ്ലോക്ക്, മലപ്പുറം ജില്ലയിലെ നിലമ്പൂർ ബ്ലോക്ക് എന്നിവയെ സ്പെഷ്യൽ ഡ്രൈവിൽ ഉൾപ്പെടുത്തുകയും ആദിവാസി വിഭാഗങ്ങളിൽ കൂടുതൽ പിന്നാക്കം നിൽക്കുന്ന പണിയാൻ, അടിയാൻ, കാട്ടുനായ്ക്കർ വിഭാഗങ്ങൾക്ക് സ്പെഷ്യൻ ഡ്രൈവിൽ മുൻഗണന നൽകുകയും ചെയ്തു.

2. ആദിവാസി വിഭാഗങ്ങളിലെ പണിയാൻ, അടിയാൻ, കാട്ടുനായ്ക്കർ വിഭാഗങ്ങൾ മലപ്പുറം ജില്ലയിൽ കൂടുതലായി അധിവസിക്കുന്നത് കളികാവ്, അരീക്കോട് ബ്ലോക്കുകളിൽ ആണെന്നും ആയതിനാൽ നിലമ്പൂർ ബ്ലോക്കിനെ കൂടാതെ ഈ ബ്ലോക്കുകളെ കൂടി സ്പെഷ്യൽ ഡ്രൈവിൽ ഉൾപ്പെടുത്തണമെന്ന് പരാമർശം (4) പ്രകാരം കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷൻ സെക്രട്ടറി അറിയിക്കുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ മലപ്പുറം ജില്ലയിലെ നിലമ്പൂർ ബ്ലോക്കിനോടൊപ്പം കാളികാവ്, അരീക്കോട് ബ്ലോക്കുകളെക്കൂടി സിവിൽ പോലീസ് ഓഫീസർമാരുടെ സ്പെഷ്യൽ ഡ്രൈവിൽ ഉൾപ്പെടുത്തി ഉത്തരവാകുന്നു

4. മേൽ പരാമർശ ഉത്തരവുകൾ ഭേദഗതി വരുത്തുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
സുബ്രത ബിശ്വാസ്
ഗവൺമെന്റ് അഡീഷണൽ ചീഫ് സെക്രട്ടറി

സംസ്ഥാന പോലീസ് മേധാവി
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് /എ & ഇ), കേരളം, തിരുവനന്തപുരം.
പട്ടികവർഗ്ഗ വികസന വകുപ്പ്
നികുതി വകുപ്പ്
വനം-വന്യജീവി വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

പകർപ്പ്:- മുഖ്യമന്ത്രിയുടെ പി.എസ്. - ന്.

ഉത്തരവിൻ പ്രകാരം/അയയ്ക്കുന്നത്

സെക്ഷൻ ഓഫീസർ

സെക്ഷൻ ഓഫീസർ

**കേരള സർക്കാർ**

<u>സംഗ്രഹം</u>

ആഭ്യന്തര വകുപ്പ് - കേരളത്തിലെ ഇടതുപക്ഷ തീവ്രവാദ പ്രവർത്തനം ഫലപ്രദമായി തടയുന്നതിനായി സ്പെഷ്യൽ ഡ്രൈവ് റിക്രൂട്ട്മെന്റ് പ്രകാരം പോലീസ് വകുപ്പിൽ സൃഷ്ടിച്ച സിവിൽ പോലീസ് ഓഫീസർമാരുടെ തസ്തികകളിൽ അട്ടപ്പാടി ബ്ലോക്കിലെ most primitive group - ൽ ഉൾപ്പെട്ട വിഭാഗത്തിന് മുൻഗണന നൽകിയും, സിവിൽ പോലീസ് ഓഫീസർ എന്ന് പരാമർശിക്കുന്ന സ്ഥലങ്ങളിൽ സിവിൽ പോലീസ് ഓഫീസർ(പോലീസ് കോൺസ്റ്റബിൾ) എന്ന് മാറ്റം വരുത്തിയും - ഭേദഗതി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ആഭ്യന്തര (രഹസ്യ വിഭാഗം - എ) വകുപ്പ്**

**സ.ഉ.(കൈ)നം.43/18/ആഭ്യന്തരം** **തീയതി, തിരുവനന്തപുരം:20.03.2018.**

പരാമർശം :- 1) സ.ഉ. (അ) നം.13/16/ആഭ്യന്തരം തീയതി 16.01.2016.
2) സ.ഉ. (കൈ) നം.183/16/ആഭ്യന്തരം തീയതി 27.06.2016.
3) സ.ഉ. (കൈ) നം.150/17/ആഭ്യന്തരം തീയതി 12.07.2017.
4) 27.09.2017-ലെ സ.ഉ.(എം.എസ്) നം.82/2017/നി.വ നമ്പർ ഉത്തരവ്.
5) 06.03.2018 തീയതിയിലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറിയുടെ SRI(1) 2877/15/SW നമ്പർ കത്ത്.
6) 12.03.2018 തീയതിയിലെ സംസ്ഥാന പോലീസ് മേധാവിയുടെ റ്റി3-46546/2015/പി എച്ച് ക്യു നമ്പർ അർദ്ധ ഔദ്യോഗിക കത്ത്.

<u>**ഉത്തരവ്**</u>

കേരളത്തിൽ ഇടതുപക്ഷ തീവ്രവാദം ഫലപ്രദമായി പ്രതിരോധിക്കുന്നതിന്റെ ഭാഗമായി വയനാട്, മലപ്പുറം, പാലക്കാട് ജില്ലകളിലെ ആദിവാസി യുവതീ-യുവാക്കളിൽ നിന്നും കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷൻ മുഖാന്തിരം സ്പെഷ്യൽ ഡ്രൈവ് നടത്തുന്നതിനായി പരാമർശം (1) പ്രകാരം 75 സിവിൽ പോലീസ് ഓഫീസർമാരുടെ തസ്തിക സൃഷ്ടിച്ചു, തുടർന്ന് പരാമർശം (2) പ്രകാരം വയനാട് ജില്ല (മുഴുവൻ), പാലക്കാട് ജില്ലയിലെ അട്ടപ്പാടി ബ്ലോക്ക്, മലപ്പുറം ജില്ലയിലെ നിലമ്പൂർ ബ്ലോക്ക് എന്നിവയെ സ്പെഷ്യൽ ഡ്രൈവിൽ ഉൾപ്പെടുത്തുകയും ആദിവാസി വിഭാഗങ്ങളിൽ കൂടുതൽ പിന്നാക്കം നിൽക്കുന്ന പണിയാൻ, അടിയാൻ, കാട്ടുനായ്ക്കർ വിഭാഗങ്ങൾക്ക് സ്പെഷ്യൻ ഡ്രൈവിൽ മുൻഗണന നൽകുകയും ചെയ്തു. പരാമർശം (3) പ്രകാരം മലപ്പുറം ജില്ലയിലെ നിലമ്പൂർ ബ്ലോക്കിനോടൊപ്പം കാളികാവ്, അരീക്കോട് ബ്ലോക്കുകളെക്കൂടി സ്പെഷ്യൽ ഡ്രൈവിൽ ഉൾപ്പെടുത്തി.

2) സമാന രീതിയിൽ സിവിൽ എക്സൈസ് ഓഫീസർ തസ്തികയിലേക്ക് നടത്തുന്ന റിക്രൂട്ട്മെന്റിൽ പരാമർശം (4) പ്രകാരം അട്ടപ്പാടി ബ്ലോക്കിലെ most primitive group കൂടി ഉൾപ്പെടുത്തി നികുതി വകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതിനാൽ പോലീസ് വകുപ്പിലും അട്ടപ്പാടി ബ്ലോക്കിലെ Most Primitive group വിഭാഗത്തെക്കൂടി സ്പെഷ്യൽ റിക്രൂട്ട്മെന്റ് ഡ്രൈവിൽ ഉൾപ്പെടുത്തി ഉത്തരവ്

പുറപ്പെടുവിക്കണമെന്ന് പരാമർശം (5) പ്രകാരം കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷൻ സെക്രട്ടറി അഭ്യർത്ഥിക്കുകയുണ്ടായി.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ അട്ടപ്പാടി ബ്ലോക്കിലെ Most Primitive group - ൽ ഉൾപ്പെട്ട ആദിവാസി വിഭാഗങ്ങൾക്ക് കൂടി പോലീസ് വകുപ്പിലേക്കുള്ള സ്പെഷ്യൽ റിക്രൂട്ട്മെന്റ് ഡ്രൈവിൽ മുൻഗണന നൽകികൊണ്ട് ഉത്തരവാകുന്നു.

4) ആദിവാസി വിഭാഗങ്ങൾക്കായി നടത്തുന്ന സ്പെഷ്യൽ ഡ്രൈവിലെ ഉത്തരവുകളിൽ "സിവിൽ പോലീസ് ഓഫീസർ" എന്ന് രേഖപ്പെടുത്തിയിരിക്കുന്നിടത്ത് "കോൺസ്റ്റബിൾ" എന്ന് കൂടി ചേർക്കണമെന്ന് പരാമർശം (6) പ്രകാരം സംസ്ഥാന പോലീസ് മേധാവി അഭ്യർത്ഥിച്ചിട്ടുണ്ട്.

5) സർക്കാർ ഇക്കാര്യം പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പരാമർശം (1) (2) (3) ഉത്തരവുകളിൽ "സിവിൽ പോലീസ് ഓഫീസർ" എന്ന് പരാമർശിക്കുന്ന സ്ഥലങ്ങളിൽ " സിവിൽ പോലീസ് ഓഫീസർ(പോലീസ് കോൺസ്റ്റബിൾ)" എന്ന് ഇതിനാൽ ഭേദഗതി വരുത്തി ഉത്തരവാകുന്നു.

6) പരാമർശ(1),(2),(3) ഉത്തരവുകൾ മേൽ ഭേദഗതികളോടെ നിലനിൽക്കുന്നതാണ്.

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,**
**സുബ്രത ബിശ്വാസ്**
**ഗവൺമെന്റ് അഡീഷണൽ ചീഫ് സെക്രട്ടറി**

സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം. (ആമുഖ കത്ത് സഹിതം)
സംസ്ഥാന പോലീസ് മേധാവി
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ & ഇ), കേരളം, തിരുവനന്തപുരം.
പട്ടികവർഗ്ഗ വികസന വകുപ്പ്
നികുതി വകുപ്പ്
വനം-വന്യജീവി വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

പകർപ്പ്:- മുഖ്യമന്ത്രിയുടെ പി.എസ്. - ന്.

ഉത്തരവിൻ പ്രകാരം/ അയയ്ക്കുന്നത്

സെക്ഷൻ ഓഫീസർ

സെക്ഷൻ ഓഫീസർ

**കേരള സർക്കാർ**

<u>സംഗ്രഹം</u>

ആഭ്യന്തര വകുപ്പ് - കേരളത്തിലെ ഇടതുപക്ഷ തീവ്രവാദ പ്രവർത്തനം ഫലപ്രദമായി തടയുന്നതിനായി സ്പെഷ്യൽ റിക്രൂട്ട്മെന്റ് ഡ്രൈവ് പ്രകാരം പോലീസ് വകപ്പിലേക്ക് തെരെഞ്ഞെടുക്കപ്പെട്ട ആദിവാസി ഉദ്യോഗാർത്ഥികളുടെ ബോണ്ട് തുകയും ജാമ്യ വ്യവസ്ഥയും ഒഴിവാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു

**ആഭ്യന്തര (രഹസ്യ വിഭാഗം - എ) വകപ്പ്**

**സ.ഉ.(കൈ)നം.88/18/ആഭ്യന്തരം** **തീയതി, തിരുവനന്തപുരം:17.05.2018.**

പരാമർശം :- 1) സ.ഉ. (അ) നം.13/16/ആഭ്യന്തരം തീയതി 16.01.2016.
2) സ.ഉ. (കൈ) നം.183/16/ആഭ്യന്തരം തീയതി 27.06.2016.
3) സ.ഉ. (കൈ) നം.150/17/ആഭ്യന്തരം തീയതി 12.07.2017.
4) സ.ഉ (കൈ) നം. 43/18 ആഭ്യന്തരം തീയതി 20.3.2018
5) 03.05.2018 തീയതിയിലെ കേരള സംസ്ഥാന പട്ടിക ജാതി/പട്ടിക വർഗ്ഗ കമ്മീഷൻ രജിസ്ട്രാറുടെ 2911/B2/2018/WYD/KSCSC&ST നമ്പർ കത്ത്.
6) 05.05.2018 തീയതിയിലെ സംസ്ഥാന പോലീസ് മേധാവിയുടെ റ്റി3-46546/2018/പിഎച്ച്ക്യു നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കേരളത്തിൽ ഇടതുപക്ഷ തീവ്രവാദം ഫലപ്രദമായി പ്രതിരോധിക്കുന്നതിന്റെ ഭാഗമായി വയനാട്, മലപ്പുറം, പാലക്കാട് ജില്ലകളിലെ ആദിവാസി യുവതീ-യുവാക്കളിൽ നിന്നും കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷൻ മുഖാന്തിരം സ്പെഷ്യൽ ഡ്രൈവ് നടത്തുന്നതിനായി പരാമർശം (1) പ്രകാരം പോലീസ് വകപ്പിൽ സൃഷ്ടിച്ച 75 തസ്തികകളിൽ, (2),(3),(4) പരാമർശിത ഉത്തരവുകളുടെ അടിസ്ഥാനത്തിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സ്പെഷ്യൽ ഡ്രൈവ് വഴി നിയമന ശുപാർശ നൽകുകയും ചെയ്തിരുന്നു.

2. നിലവിലുള്ള ചട്ടങ്ങൾ പ്രകാരം പോലീസ് വകപ്പിലേക്ക് നിയമനം ലഭിക്കുന്ന പട്ടിക വർഗ്ഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് അവർ ജോലിയിൽ പ്രവേശിക്കുന്നതിനു മുന്നോടിയായി 25000/- രൂപയുടെ ബോണ്ട് വയ്ക്കുകയും രണ്ട് സർക്കാർ ഉദ്യോഗസ്ഥർ ജാമ്യം നിൽക്കുകയും ചെയ്യേണ്ടതുണ്ട്, എന്നാൽ തെരെഞ്ഞെടുക്കപ്പെട്ട ഉദ്യോഗാർത്ഥികളുടെ സാമ്പത്തിക സാമൂഹിക പരിതസ്ഥിതി പരിഗണിച്ചാൽ ബോണ്ട് തുകയും ജാമ്യ വ്യവസ്ഥയും ബാധ്യതയാകും എന്ന കാരണത്താൽ അവർ പോലീസ് വകപ്പിൽ ചേരുന്നതിന് വിമുഖത കാണിക്കുവാൻ സാധ്യത കൂടുതലാണെന്നും, സർക്കാർ ആവിഷ്കരിച്ച സ്പെഷ്യൽ റിക്രൂട്ട്മെന്റിന്റെ മുഴുവൻ ലക്ഷ്യത്തിനും ഇത് തിരിച്ചടിയാകുമെന്നും, ആയതിനാൽ ഒരു പ്രത്യേക കേസായി പരിഗണിച്ച് സ്പെഷ്യൽ

റിക്രൂട്ട്മെന്റ് മുഖേന പോലീസ് വകുപ്പിൽ നിയമനം ലഭിച്ച ഉദ്യോഗാർത്ഥികളുടെ ബോണ്ട് തുകയിലും ജാമ്യ വ്യവസ്ഥയിലും ഇളവ് നൽകണമെന്നും പരാമർശം (5) പ്രകാരം കേരള സംസ്ഥാന പട്ടിക ജാതി/പട്ടിക വർഗ്ഗ കമ്മീഷൻ രജിസ്ട്രാറും പരാമർശം (6) പ്രകാരം സംസ്ഥാന പോലീസ് മേധാവിയും അഭ്യർത്ഥിച്ചിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ സ്പെഷ്യൽ റിക്രൂട്ട്മെന്റ് മുഖേന പോലീസ് വകുപ്പിൽ നിയമനത്തിനായി തെരഞ്ഞെടുക്കപ്പെട്ട ആദിവാസി വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് നൽകേണ്ട ബോണ്ടിലെ തുകയും കൂടാതെ രണ്ട് സർക്കാർ ഉദ്യോഗസ്ഥർ ജാമ്യം നിൽക്കണമെന്ന വ്യവസ്ഥയും ഒരു പ്രത്യേക കേസായി പരിഗണിച്ച് ഒഴിവാക്കിക്കൊണ്ട് ഉത്തരവാകുന്നു

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,**
**സുബ്രത ബിശ്വാസ്**
**അഡീഷണൽ ചീഫ് സെക്രട്ടറി**

സംസ്ഥാന പോലീസ് മേധാവി
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം.(ആമുഖ കത്ത് സഹിതം)
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ & ഇ), കേരളം, തിരുവനന്തപുരം.
പട്ടികവർഗ്ഗ വികസന വകുപ്പ്
രജിസ്ട്രാർ, കേരള സംസ്ഥാന പട്ടിക ജാതി/പട്ടിക വർഗ്ഗ കമ്മീഷൻ
നികുതി വകുപ്പ്
വനം-വന്യജീവി വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

പകർപ്പ്:- മുഖ്യമന്ത്രിയുടെ പി.എസ്. - ന്.

പൊതു ഭരണ(എസ്.സി) വകുപ്പ് (16.05.2018 തീയതിയിലെ മന്ത്രിസഭായോഗ തീരുമാനം ഇനം നം.2155 അനുസരിച്ച്)

**ഉത്തരവിൻ പ്രകാരം/അയയ്ക്കുന്നത്**

**സെക്ഷൻ ഓഫീസർ**

സെക്ഷൻ ഓഫീസർ